ടൈറ്റാനിയം സ്പോഞ്ച് നിർമ്മിക്കുന്നത് സംബന്ധിച്ച പഠനം

30 [484] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. വർക്കല കഹാർ:
,, *എം. എം. ഹസ്സൻ:*
,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം സ്പോഞ്ച് നിർമ്മിക്കുന്നത് സംബന്ധിച്ച പഠനത്തിനായി കെ. എം. എം. എൽ. ഉദ്യോഗസ്ഥൻമാർ റഷ്യ സന്ദർശിക്കുകയുണ്ടായോ;

(ബി) എന്നുമുതൽ കെ. എം. എം. എൽ.-ൽ ടൈറ്റാനിയം സ്പോഞ്ച് നിർമ്മിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു;

(സി) ടൈറ്റാനിയം ലോഹം ഉൽപ്പാദിക്കുവാനുള്ള പദ്ധതി കെ. എം. എം. എൽ.-ന് ഉണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ ഉൽപ്പാദനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സന്ദർശിക്കുകയുണ്ടായി.

(ബി) ഇതു സംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് ഇനിയും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

മലബാർ സിമന്റ്സിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

31 [485] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികകളിലാണ് അവർ ജോലി ചെയ്യുന്നത്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മലബാർ സിമന്റ്സിൽ ജോലിചെയ്തു വരുന്നവരുടെ മാതൃവകുപ്പിലെ തസ്തിക ഏതാണെന്നും മാതൃവകുപ്പിൽ ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളം എത്രയായിരുന്നുവെന്നും, കമ്പനിയിൽ നല്കുന്ന അടിസ്ഥാന ശമ്പളം എത്രയാണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മലബാർ സിമന്റ്സിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ സിമന്റ്സിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മൂന്നുപേർ ജോലി ചെയ്യുന്നുണ്ട്. അവർ (1) വി. കെ. അബ്ദുൾ സത്താർ-തസ്തിക-ഇലക്ട്രീഷ്യൻ/ ഇൻസ്ട്രുമെന്റ് മെക്കാനിക്ക്, (2) എൻ. എസ്. ലിനോഷ്-തസ്തിക-ഇലക്ട്രീഷ്യൻ/ ഇൻസ്ട്രുമെന്റ് മെക്കാനിക്ക്, (3) കെ. കെ. അശോകൻ-തസ്തിക-ഇലക്ട്രീഷ്യൻ/ ഇൻസ്ട്രുമെന്റ് മെക്കാനിക്ക്.

(ബി) ശ്രീ. അബ്ദുൾ സത്താറിന്റെ മാതൃവകുപ്പായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് ഇഞ്ചിനീയറിംഗ് കമ്പനിയിലെ തസ്തിക സ്കിൽഡ് വർക്കർ (ഇലക്ട്രീഷ്യൻ)-ഉം അടിസ്ഥാന ശമ്പളം 1736 രൂപയുമാണ്.

ശ്രീ. എൻ. എസ്. ലിനോഷിന്റെ മാതൃവകുപ്പായ ട്രാക്കോ കേബിൾ കമ്പനിയിലെ തസ്തിക സ്കിൽഡ് ഓപ്പറേറ്ററും അടിസ്ഥാന ശമ്പളം 1175 രൂപയുമാണ്.

ശ്രീ. കെ. കെ. അശോന്റെ മാതൃവകുപ്പായ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ തസ്തിക ഇലക്ട്രീഷനും അടിസ്ഥാന ശമ്പളം 645 രൂപയുമാണ്. ടി മൂന്നുപേർക്കും മാതൃവകുപ്പിലെ അടിസ്ഥാന ശമ്പളം തന്നെയാണ് നൽകുന്നത്.

(സി) മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കമ്പനിയിലെ സവിശേഷ തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവുമുള്ളവരെ ഗവൺമെന്റിൽനിന്നും മുൻകൂർ അനുമതി വാങ്ങിയശേഷമാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാറുള്ളത്. ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഇപ്പോഴുണ്ടാകുന്ന ഡെപ്യൂട്ടേഷൻ ഒഴിവുകൾ പബ്ലിക്ക് റിലേഷൻസ് വകുപ്പ് മുഖാന്തിരം പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നുണ്ട്.

കെൽട്രോൺ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് നടപടി

32 [486] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly